**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1326** **19-06-2024 - ൽ മറുപടിയ്ക്ക്**

**കൊടുങ്ങല്ലൂർ-പുല്ലൂറ്റ് സമാന്തര പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൊടുങ്ങല്ലൂർ മണ്ഡലത്തിലെ കൊടുങ്ങല്ലൂർ കായലിനു കുറുകെ നിർമ്മാണ അനുമതി ലഭിച്ച പുല്ലൂറ്റ് സമാന്തര പാലത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കൊടുങ്ങല്ലൂർ കായലിനു കുറുകേയുള്ള പുല്ലൂറ്റ് സമാന്തര പാലം നിർമ്മാണത്തിനായി 31.10.2016 തീയതിയിലെ GO (Rt) No. 1496/2016/PWD ഉത്തരവ് പ്രകാരം 30 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ടാ യിരുന്നു. 21.08.2017 തീയതിയിലെ APR-1/ 76/2017/KIIFB ഉത്തരവ് പ്രകാരം ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ ഉൾപ്പെടെ 24.49 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതിയും ലഭിച്ചു. നിലവിൽ പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുകയും നഷ്ടപരിഹാരതുകയായ 6.46 കോടി രൂപ 15.09.2023 തീയതിയിൽ കിഫ്ബി അനുവദിച്ചത് റവന്യൂ വകുപ്പിന് കൈമാറുകയും 20.05.2024 തീയതിയിൽ സ്ഥലം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാലത്തിന് അനുമതി ലഭിച്ചത് എന്നാണെന്നും എത്ര തുകയാണ് അനുവദിച്ചതെന്നും അറിയിക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | പ്രസ്തുത പാലം നിർമ്മാണം ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം എന്താണെന്നും ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്താണെന്നും വിശദമാക്കാമോ? | (സി) | പ്രസ്തുത പാലത്തിന്റെ പുല്ലൂറ്റ് സൈഡിൽ നിലവിലെ റോഡുമായി യോജിക്കുന്ന ഭാഗത്ത്, നാല് വീടുകൾ 1.25 സെന്റ് വീതം സ്ഥലത്ത് സ്ഥിതിചെയ്യുന്നുണ്ട്. പാലത്തിന്റെ അലൈൻമെന്റ് കടന്നുപോകുന്നത് പ്രസ്തുത വീടുകളുടെ മുൻവശത്തുള്ള പുറമ്പോക്ക് ഭൂമിയിൽ കൂടെയാണ്. ഇതുമൂലം ഈ വീടുകൾ പൂർണ്ണമായും ഏറ്റെടുക്കണമെന്ന് ആവശ്യം ഉയരുകയും ഇതിന് പരിഹാരം കാണുന്നതിനു വേണ്ടി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിങ്, കിഫ്ബി, കെ.ആർ.എഫ്.ബി. എന്നിവരുമായി 13.09.2022 തീയതിയിൽ ഒരു സംയുക്ത സ്ഥല പരിശോധന നടത്തുകയും ചെയ്തു. എന്നാൽ പുല്ലൂറ്റ് സൈഡിൽ, പാലം നിലവിലെ റോഡുമായി യോജിക്കുന്ന ഭാഗത്ത് |

| | | | | |
|---|---|---|---|---|
| | | | | ഒരു ബ്ലാക്ക് സ്പോട്ട് നിലനിൽക്കുന്നതിനാൽ അത് ഒഴിവാക്കുന്നതിനായി ഏകദേശം 300 മീ. കൂടി അധികം സ്ഥലമേറ്റെടുത്ത് Curve നിവർത്തുവാൻ തീരുമാനിച്ചു. ഈ 300 മീ. അധികസ്ഥലം പദ്ധതിയുടെ രണ്ടാം ഘട്ട സ്ഥലമേറ്റെടുപ്പിന്റെ ഭാഗമായി നടത്തണമെന്ന് ബഹു.എം.എൽ.എ നിർദ്ദേശിക്കുകയുണ്ടായി. പാലം നിർമ്മാണത്തിനാവശ്യമായ IWAI ക്ലിയറൻസ് ലഭിക്കുന്നതിനു വേണ്ടി IWAI അധികൃതരുമായി 19.09.2023-ൽ സൈറ്റിൽ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുകയും IWAI അധികൃതരുടെ നിർദ്ദേശപ്രകാരം പാലത്തിന്റെ ഉയരം കുറച്ച് പുതുക്കിയ ഡ്രോയിംഗ് IWAI ലേക്ക് സമർപ്പിക്കുകയും ചെയ്തു. 12.06.2024 തീയതിയിൽ IWAI Clearance ലഭിച്ചിട്ടുണ്ട്. കൂടാതെ, പാലത്തിന്റെ ഉയരം കുറഞ്ഞത് കാരണം പാലത്തിന്റെ നീളം ഗണ്യമായി കുറയുകയും മേൽ സൂചിപ്പിച്ച വീടുകൾ ഉൾപ്പെടാതെയും ബ്ലാക്ക് സ്പോട്ട് ഒഴിവാക്കിയും നിലവിലെ റോഡുമായി ബന്ധിപ്പിക്കുവാൻ സാധിക്കുമെന്നതിനാൽ കൂടുതൽ ഭൂമി ഏറ്റെടുക്കേണ്ട ആവശ്യം നിലവിലില്ല. എന്നാൽ പാലം പ്രവൃത്തി ആരംഭിക്കുന്നതിനായി CRZ ക്ലിയറൻസ് ലഭിക്കേണ്ടതുണ്ട്. CRZ ക്ലിയറൻസ് ലഭിക്കുന്നതിനായി KCZMA യ്ക്ക് 10 ലക്ഷം രൂപ അടയ്ക്കുകയും KCZMA ആവശ്യപ്പെട്ട പ്രകാരമുള്ള എല്ലാവിധ രേഖകളും 14.02.2023 തീയതിയിൽ സമർപ്പിക്കുകയും ചെയ്തു. എന്നാൽ 18.12.2023 തീയതിയിൽ Rapid EIA റിപ്പോർട്ട് കൂടി സമർപ്പിക്കുവാൻ KCZMA ആവശ്യപ്പെട്ട പ്രകാരം Rapid EIA study നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. CRZ ക്ലിയറൻസ് ലഭിച്ചശേഷം മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ